**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**19 May 2017 / 22 Shabaan 1438 Hijira)**

# THE FINE LINE BETWEEN GOOD AND EVIL

## നന്മതിന്മകൾക്കിടയിലുള്ള സുന്ദരരേഖ

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം** നന്മതിന്മകൾക്കിടയിലുള്ള സുന്ദരരേഖ **എന്ന വിഷയത്തെ ആസ്പമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

നിശ്ചയമായും സൂക്ഷ്മത കൈകൊള്ളുകയും നന്മപ്രവർത്തിക്കുകയും ചെയ്യുന്നവരോടൊപ്പമാണ് അല്ലാഹു 16 : 129)

നിസ്സംശയം ! അല്ലാഹു തഖ്‌വയുള്ളവരോടൊപ്പമാണ്. അതായത് ധർമ്മ ബോധമുള്ളവരോടൊപ്പം. എന്നു പറഞ്ഞാൽ തഖ്‌വയെക്കാൾ മഹത്തായ പ്രവർത്തനങ്ങൾ ചെയ്യുന്നവരാണവർ, അതായത് അവർ ഉദാരപ്രകൃതിയുള്ളവരാണ്. ̆(അവരെപ്പോഴും നന്മ ചെയ്യുവാൻ, ഉത്സുകരായവരും, മനുഷ്യകുലത്തിന്ന സേവനം ചെയ്യുന്നവരുമായിരിക്കും)

തഖ്‌വ എന്ന വാക്കിന്റെ അർത്ഥം തെറ്റിൽ നിന്നും പിന്മാറി നില്ക്കുക എന്നർത്ഥം, ആ നിലയിൽ അവർ തങ്ങൾക്കു ചുറ്റുമുള്ള നല്ല വൃത്തത്തിൽ നിന്നും പുറത്തു ചാടുന്നവരല്ല. ഓർക്കുക ഒരു മനുഷ്യനെ നല്ലവൻ എന്ന് അവന് സ്വയം പറയുവാൻ അതു പര്യാപ്തമല്ല, ശരിയാണ് അവൻ മറ്റുള്ളവരുടെ അവകാശങ്ങൾ അപഹരിഞ്ഞിട്ടില്ല, ആരുടെയും മുതൽ മോഷ്ടിച്ചിട്ടില്ല, കള്ളം പറയുന്നതിൽ നിന്നും അവൻ പിന്മാറി നിന്നു, വ്യഭിചിരിച്ചിട്ടില്ല ! ഓർക്കുക ! നിങ്ങൾക്ക് അനുവദനീയമല്ലാത്ത വ്യക്തിയോട് സ്നേഹവാക്കുകളിലൂടെ സംസാരിക്കുമ്പോൾ പോലും, അവൻ വ്യഭിചാരം എന്ന പാപത്തിലേക്ക് ചാഞ്ഞു പോകാം, നിങ്ങൾ മനസ്സിലാക്കണം, അത്തരം പെരുമാറ്റങ്ങൾ ഒരു പാപമായി തീരാം. കാരണം സാത്താൻ അവന് ലഭിക്കുന്ന ഏതൊരു

ചെറിയ അവസരത്തെയും അവന്റെ പിടിയിലൊതുക്കുന്നു. ഓരോ വിശ്വാസിയും പുരുഷനാകട്ടെ, സ്ത്രീ ആകട്ടെ, ഈ ഗുരുതരമായ പാപത്തിൽ നിന്നും രക്ഷപ്പെടുവാൻ ജാഗ്രതയുള്ളവരായിരിക്കണം, അവനെ അഥവാ അവളെ വിശുദ്ധഖുർആൻ ഉപദേശിക്കുന്നതുപോലെ സ്വയം സംരക്ഷിച്ചു കൊള്ളണം.

നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നുവെങ്കിൽ, നിങ്ങൾ സംസാരത്തിൽ മസൃണമാകരുത്. അങ്ങനെ സംസാരിക്കുന്ന പക്ഷം ഹൃദയത്തിൽ രോഗമുള്ളവർ (നിങ്ങളെ) മോഹിച്ചേക്കാം. നിങ്ങൾ (എപ്പോഴും ജനങ്ങളോട്) മാന്യമായ വാക്ക് പറയുക (33 : 33)

അങ്ങനെ, മസൃണവാക്ക്, ഒരു പക്ഷേ ഒരു വലിയ പാപത്തിലേക്ക് അതായത് വ്യഭിചാരത്തിലേക്കുള്ള നാന്ദിയാകാം. ഇത് അല്ലാഹുവിന്റെ വീക്ഷണത്തിൽ, വളരെ ഗൗരവതരമായ കാര്യമാണ്. ഇതിന്റെ ശിക്ഷ വളരെ കഠിനതരമായിരിക്കും. അതുകൊണ്ടു തന്നെ ഇതിന് യാതൊരു ഒഴിവുകഴിവുമില്ല. അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. തീർച്ചയായും (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്ന പുരുഷന്മാരും സ്ത്രീകളും സത്യവിശ്വാസികളും സത്യവിശ്വാസിനികളും (അല്ലാഹുവിനോട്) കീഴ്വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും സത്യവാന്മാരും സത്യവതികളും സഹനശീലരായ പുരുഷന്മാരും സ്ത്രീകളും, ദാനധർമ്മം ചെയ്യുന്ന പുരുഷന്മാരും , സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന സ്ത്രീകളും പുരുഷന്മാരും, തങ്ങളുടെ ചാരിത്രം രക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ അധികമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും ഇവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കി വച്ചിട്ടുണ്ട് (33 : 33)

ചീത്ത പ്രവർത്തിയിൽ നിന്നും പിന്മാറി നില്ക്കുകയും തുടർന്ന് നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവരോടൊപ്പമാണ് അല്ലാഹു എന്ന് പറയുന്നത് അക്കാരണത്തിലാണ്. അനേകർ അവർ കരുതുന്നു അവർ വിശ്വാസികളാണെന്ന്, അവർ സത്യവാന്മാരാണെന്ന്, എന്നാൽ ആകാശങ്ങളിൽ അവരെ അവിശ്വാസികളായാണാണ് കണക്കാക്കപ്പെടുന്നത്. ഒരു യഥാർത്ഥ വിശ്വാസി,

എല്ലാ നിലയിലും അവൻ സത്യവാനായിരിക്കെ, അവനെ ആകാശങ്ങളിൽ സത്യവാനായ വ്യക്തിയായി കണക്കാക്കപ്പെടുന്നതാണ്. ഭൂമിയിൽ അവന് ഒരു കാഫിർ ആയി മുദ്ര അടിക്കപ്പെട്ടാലും ശരി, ഒരവിശ്വാസിയായി എണ്ണപ്പെട്ടാലും ശരി ! എന്നാൽ. ആ സത്യമായ വിശ്വാസവാസ്ഥയിൽ എത്തുക എന്നത് സമ്പൂർണ്ണ സത്യസന്ധതയിലായി തീരുക എന്നത്, ദൈവത്തോട് സമ്പൂർണ്ണവും നിഷ്ക്കളങ്കവുമായ വിശ്വസ്തത പുലർത്തുന്നതും, നിശ്ചയമായും പ്രയാസകരമായ ഒരു കാര്യം തന്നെയാണ്. അഗാധമായ നിലയിൽ, അല്ലാഹുവിലുള്ള യഥാർത്ഥവിശ്വാസത്തിലും നിഷ്ക്കളങ്കതയിലും ഒരു വ്യക്തി എത്തിചേർന്നാൽ, അത്തരം സന്ദർഭങ്ങളിൽ പ്രസ്തുതവ്യക്തി അനേകം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതായി വരുന്നതാണ്. അവന്റെ വിശ്വാസവും നിഷ്ക്കളങ്കതയും പരീക്ഷിക്കുന്നതിനായി.

വിശിഷ്യാ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, റമദാൻ മാസം സമാഗതമായിക്കൊണ്ടിരിക്കുകയാണ്. നിങ്ങളിലോരോരുത്തരും പരമാവധി നല്ല പ്രവർത്തനങ്ങളിലേർപ്പെടേണ്ടതാണ്, അങ്ങനെ അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കേണ്ടതുമാണ് ഇൻശാ അല്ലാഹ് !

ഈ പോയിന്റ് നല്ലപോലെ മനസ്സിലാക്കിയിരക്കണം ചീത്ത പ്രവർത്തനത്തിൽ നിന്നും ഒരാൾ മാറി നില്ക്കുന്നതുകൊണ്ട് മാത്രം അയാൾ വളരെ നല്ല കാര്യമാണ് ചെയ്യുന്നത് എന്ന് കരുതുകയില്ല. മറിച്ച് മാറി നില്ക്കുന്നതിനോടൊപ്പം നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുകയും ചെയ്യണം. ഞാൻ മുമ്പ് പറഞ്ഞതുപോലെ അനേകർ വ്യഭിചാരവൃത്തിയിലേർപ്പെടാത്തവരായി ഉണ്ട്. വ്യഭിചാരവൃത്തിക്ക് പലമുഖങ്ങളുണ്ട്. ഉദാഹരണമായി സ്നേഹിതരുമായി നർമ്മസല്ലാപം നടത്തിക്കൊണ്ടിരിക്കുക, ആരംഭത്തിൽ അത് വെറുമൊരു സൗഹൃദസല്ലാപം മാത്രമായിരിക്കും, അതേ തുടർന്ന് ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന നിലവാരത്തിലേക്കെത്തുന്നു. അതും കഴിഞ്ഞ് അത് അശ്ലീല സാഹിത്യത്തിലേക്കും, ചിത്രത്തിലേക്കും, വീഡിയോയിലേക്കും എത്തുന്നു. അതു കൈമാറ്റം ചെയ്യപ്പെടുന്നു.

അല്ലെങ്കിൽ കൊലപാതകത്തിലേക്ക് തിരിയുന്നു. കൊന്നശേഷം അവന്റെ സ്വത്ത് അപഹരിച്ചെടുക്കുക. കൊലപാതകത്തിലൂടെ പകരം വീട്ടുക തുടങ്ങിയവ. അത് അവനെ മോഷണത്തിലേക്കും കവർച്ചയിലേക്കും നയിക്കാം. ഈ പ്രവർത്തനങ്ങളൊന്നും ദൈവവുമായി ബന്ധമുള്ളതല്ല. മാനവകുലത്തിന് സേവനം ചെയ്യുന്നതുമല്ല. ഇത്തരം ആളുകൾ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ ശത്രുത ജനിപ്പിക്കുന്നവരാണ്.

അവർ മറ്റുള്ളവരെ ദ്രോഹിക്കുന്നവരാണ്, മറ്റുള്ളവരോട് ഒരു അനുകമ്പയും കാണിക്കുന്നവരുമല്ല. അവർ മറ്റുള്ളവരെ താണവരായി മാത്രം കാണുന്നവരാണ്. മറ്റുള്ളവർ ജനങ്ങളിൽ ഉയർന്നവർ ആണെങ്കിൽ പോലും, അവർ മാത്രമാണ് ജനങ്ങളിൽ മേൽകൈ ഉള്ളവർ എന്നും, അവർ മാത്രമാണ് ശരിയായ പാതയിലെന്നും അവർ കരുതുന്നു.

ആയതിനാൽ, ഇത്തരം വ്യക്തികൾ, അവർ വലിയ പാപങ്ങളായ വ്യഭിചാരത്തിലും, കൊലപാതകത്തിലും പങ്കെടുക്കുന്നില്ലെങ്കിലും, അവർ അല്ലാഹുവിന്റെ പാതകൾ വിസ്മരിക്കുന്നു. അല്ലാഹുവിന് തൃപ്തിപ്പെട്ട ഒരു പ്രവർത്തിയും അവർ ചെയ്യുന്നില്ല. മനുഷ്യകുലത്തിനും അവർ യാതൊരു സേവനവും ചെയ്യുന്നില്ല. ഇത്തരം ആളുകൾ ആയതിനാൽ, അവർ ഒട്ടും തന്നെ നന്മചെയ്യുന്നവരല്ല, അജ്ഞനായ ഒരു വ്യക്തി, ഒരു പക്ഷേ ഇത്തരം പ്രവർത്തികൾ ചെയ്യുന്നവരെ, നല്ല ആളുകളായി ചിത്രീകരിച്ചേക്കാം. കാരണം ഇത്തരം പ്രവർത്തികൾ (മോഷണം, കൊലപാതകം, വ്യഭിചാരവൃത്തി തുടങ്ങിയവ പൊതുവിൽ മോശപ്രവർത്തിയായി കണക്കാക്കുന്നു) മോശസ്വഭാവമായി കണക്കാക്കുന്നു. ഇത്തരം മോശപ്രവർത്തികൾ ചെയ്യാതിരിക്കുന്നു എന്ന കാരണത്താൽ അത്തരം ആൾക്കാരെ ദൈവത്തിന്റെ സ്നേഹിതർ എന്ന് വിളിക്കപ്പെടാവതല്ല. ദൈവീക നീതിപ്രകാരം മോശപ്രവർത്തനങ്ങളിൽ ഇഴുകിചേരുന്നവർ, മോഷണം നടത്തുന്നവർ, ചതിയന്മാർ, കൈക്കൂലി വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർ, ഇത്തരം ആൾക്കാർ ഈ ലോകത്തു വെച്ച് തന്നെ അവരുടെ ശിക്ഷ ഏറ്റുവാങ്ങേണ്ടി വരുന്നതാണ്. അത്തരം ആൾക്കാർ അത്തരം ശിക്ഷകൾ ഏറ്റുവാങ്ങുന്നതുവരെ മരണപ്പെടുന്നതല്ല, ഓർക്കുക,

ആയതിനാൽ, വലിയ പാപങ്ങളിൽ നിന്നും മാറിനില്ക്കുന്നതുകൊണ്ടു മാത്രം, ഒരുവൻ നന്മ ചെയ്യുന്നു എന്ന കണക്കാക്കപ്പെടുന്നതല്ല.

തഖ്വ (സൂക്ഷ്മത) താണ ഒരു പദവിയാണ്. ഇതിനെ ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുവാൻ കഴിയുന്നതാണ്. കരുതുക ഒരു പാത്രം നന്നായി കഴുകി വൃത്തിയാക്കി, അതിൽ ഏറ്റവും നല്ല ആഹാര വിഭവങ്ങൾ വെയ്ക്കുവാനായി പാത്രം നന്നായി കഴുകി വെടിപ്പാക്കി, എന്നാൽ അതിൽ നല്ല ആഹാരം വിളമ്പിയില്ലെങ്കിലോ ? ഇതുകൊണ്ട്. ഒരുവന്റെ വിശപ്പ് മാറുമോ ? തീർച്ചയായും ഇല്ല ഇതുതന്നെയാണ് തഖ്വയുടെ കാര്യവും. തഖ്വ എന്നാൽ എന്താണ് ? ഇത് പാത്രം കഴുകി വെടിപ്പാക്കുന്നതു പോലെയാണ്. എന്നാൽ അതിൽ കുടികൊള്ളുന്നത് നഫ്സ് അമ്മാറയാണ് (ദോഷ പ്രവർണതയുള്ള ആത്മാവ്)

ഇതോടെ ഞാൻ ഇന്നത്തെ ഖുത്തുബ അവസാനിപ്പിക്കുന്നു. അല്ലെയോ എന്റെ അനുചനന്മാരെ ! ഈ പ്രസംഗം മനസ്സിലാക്കുവാൻ നിങ്ങൾ ശ്രമിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളിൽ നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക. നല്ല വിശ്വാസികളുടെ ആന്തരികവും ബാഹ്യവുമായ എല്ലാ നല്ല ഗുണങ്ങളും നിങ്ങളിൽ ഉണ്ടാകുവനായി ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു(ത) നിങ്ങൾക്കെല്ലാം പൊറുത്തു തരട്ടെ !
അത്തരം വിശ്വാസികൾ എല്ലാ നിലയിലും അല്ലാഹുവിന്റെ യഥാർത്ഥ സാമീപ്യത്തിലായിരിക്കും. ഇൻശാ അല്ലാഹ് ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**